# തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറുടെ നടപടിക്രമം
(ഹാജർ : പി.എം.ഫ്രാൻസിസ്. ഐ എ എസ് )

നം:ഇഎ1/822/14 .

തീയതി : 19.06.2015.

വിഷയം:-വ്യവസായം-ജീവനക്കാര്യം- സബോർഡിനേറ്റ് സർവ്വീസിലുൾപ്പെടെയുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലെ 10% ഒഴിവിലേക്ക് തസ്തിക മാറ്റം വഴി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:

പരാമർശം:-1. സ.ഉ.(പി). നം:1/2014/ഉ.ഭ.പ.വ തീയതി:03.01.2014.
2. സ.ഉ.(പി). നം:21/2014/ഉ.ഭ.പ.വ തീയതി:19.07.2014.
3. 28.04.2015-ലെ ഇഎ1/322/14-ാം നമ്പർ നടപടി ക്രമം.

പരാമർശം (1) ലെ സർക്കാർ ഉത്തരവു പ്രകാരം വിവിധ സർക്കാർ വകുപ്പുകളിലെ ക്ലാർക്ക്/ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന 10% ഒഴിവുകളിലേയ്ക്ക് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് (സബോർഡിനേറ്റ് സർവ്വീസിലുൾപ്പെട്ട താഴ്ന്ന വിഭാഗം ജിവനക്കാർ ഉൾപ്പെടെ) കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന അനുവദിച്ചിട്ടുള്ള നിലവിലെ തസ്തിക മാറ്റത്തിന് പുറമെ യോഗ്യതയുടെയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ അതാത് വകുപ്പിലെ ടി ജീവനക്കാർക്ക് അതാത് വകുപ്പിൽ ഉണ്ടാകുന്ന ടി തസ്തികയിലെ 10% ഒഴിവുകളിൽ കൂടി തസ്തിക മാറ്റം വഴി സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവായിരിക്കുന്നു.

വ്യവസായ വാണിജ്യ വകുപ്പിൽ ആകെയുള്ള 218 അംഗീകൃത ക്ലാർക്ക് തസ്തികകളിൽ 10% കണക്കാക്കി ആകെ 22 പേർക്ക് ക്ലാർക്ക് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് നിജപ്പെടുത്തി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ക്ലാർക്ക് തസ്തികയിൽ ആകെ 12 ഒഴിവുകൾ ഉണ്ട്. ഈ ഒഴിവുകളിലേക്ക് സബോർഡിനേറ്റ് സർവ്വീസിലുൾപ്പെടെയുള്ള താഴ്ന്ന തസ്തികയിൽപ്പെട്ട 12 ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്.

## ഉ ത്ത ര വ്

മേൽ സാഹചര്യത്തിൽ വ്യവസായ വാണിജ്യ വകുപ്പിൽ സബോർഡിനേറ്റ് സർവ്വീസിലുൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാരിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ യോഗ്യതയുടെയും സീനിയോറിറ്റിയുടേയും ഒഴിവിന്റെയും അടിസ്ഥാനത്തിൽ ക്ലാർക്ക് തസ്തികയിൽ ₹ 9940-16580/- ശമ്പള നിരക്കിൽ തസ്തികമാറ്റം മുഖേന നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസും | തസ്തികമാറ്റം നൽകി നിയമിക്കപ്പെടുന്ന ഓഫീസ് |
|---|---|---|
| 1 | ഡേവിഡ് വർഗ്ഗീസ്, ആഫീസ് അറ്റൻഡന്റ്, ജില്ലാ വ്യവസായ കേന്ദ്രം, കൊല്ലം. | ജില്ലാ വ്യവസായ കേന്ദ്രം , കൊല്ലം. |
| 2 | സി.വി.ചന്ദ്രബാബു,ആഫീസ് അറ്റൻഡന്റ്, കയർ ഇൻസ്പെക്ടർ ഓഫീസ്, നെയ്യാറ്റിൻകര, വാഴമുട്ടം. | ജില്ലാ വ്യവസായ കേന്ദ്രം , തിരുവനന്തപുരം. |
| 3 | കെ.ഗീത,ആഫീസ് അറ്റൻഡന്റ്, പ്രോജക്ട് ഓഫീസ്(കയർ), കോഴിക്കോട്. | ജില്ലാ വ്യവസായ കേന്ദ്രം , കോഴിക്കോട്. (ജെ.ഡി.സി ട്രെയിനിംഗ് ഒഴിവിൽ) |
| 4 | ഇ.ശ്രീധരൻ,ആഫീസ് അറ്റൻഡന്റ്, താലൂക്ക് വ്യവസായ ഓഫീസ്, തലശ്ശേരി | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം. |
| 5 | മുഹമ്മദ് കുഞ്ഞ്.എ, ആഫീസ് അറ്റൻഡന്റ്, പ്രോജക്ട് ഓഫീസ്(കയർ), കായംകുളം. | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം. |
| 6 | വി.കെ.സുരേഷ് ബാബു, ആഫീസ് അറ്റൻഡന്റ്, പ്രോജക്ട് ഓഫീസ്(കയർ), കോഴിക്കോട്. | ജില്ലാ വ്യവസായ കേന്ദ്രം , തൃശ്ശൂർ. |
| 7 | ബാബു.എ.എൻ, ആഫീസ് അറ്റൻഡന്റ്, ജില്ലാ വ്യവസായ കേന്ദ്രം, ആലപ്പുഴ. | ജില്ലാ വ്യവസായ കേന്ദ്രം , തിരുവനന്തപുരം. |
| 8 | വി.എസ്.സാജൻ കുമാർ, ഡ്രൈവർ, ജില്ലാ വ്യവസായ കേന്ദ്രം, കോട്ടയം. | കയർ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം. |
| 9 | കെ.കുഞ്ഞിരാമൻ, ആഫീസ് അറ്റൻഡന്റ്, ജില്ലാ വ്യവസായ കേന്ദ്രം, കാസർഗോഡ്. | കയർ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം. |
| 10 | ഉണ്ണികൃഷ്ണൻ.എൻ, ആഫീസ് അറ്റൻഡന്റ്, പ്രോജക്ട് ഓഫീസ്(കയർ), കോഴിക്കോട്. | ജില്ലാ വ്യവസായ കേന്ദ്രം , എറണാകുളം. |
| 11 | എം.മോഹൻദാസ്, ഡ്രൈവർ, ജില്ലാ വ്യവസായ കേന്ദ്രം, കണ്ണൂർ. | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം. |
| 12 | ജഗദീഷ് ബാബു, ആഫീസ് അറ്റൻഡന്റ്, ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം. | പ്രോജക്ട് ഓഫീസ്(കയർ), തൃശ്ശൂർ. |

ഓരോ ജില്ലയിലും നിശ്ചയിച്ചിട്ടുള്ള ക്ലാർക്കിന്റെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ഈ ഉത്തരവിൽ സ്ഥാനമാറ്റം സംഭവിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ ബന്ധപ്പെട്ട ജില്ലകളിൽ ഒഴിവുവരുമ്പോൾ മാറ്റി നിയമിക്കുന്നതാണ്.

തസ്തിക മാറ്റം മുഖേന നിയമനം നേടിയ ഉദ്യോഗസ്ഥൻ ജോലിയിൽ പ്രവേശിക്കുന്നതിന് ടി ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥന് മുമ്പാകെ ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം മുന്നറിയിപ്പ് കൂടാതെ സീനിയോരിറ്റി ലിസ്റ്റിലെ യോഗ്യതയുള്ള അടുത്ത ഉദ്യോഗസ്ഥന് നിയമനം നൽകുന്നതായിരിക്കും. ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർ മൂന്നു വർഷത്തെ തുടർച്ചയായ സേവനത്തിൽ രണ്ടു വർഷം പ്രോബേഷനിലായിരിക്കും. സർക്കാരിന്റെ 26.02.2011-ലെ 85/11/ധന നമ്പർ ഉത്തരവ് പ്രകാരം ടി തസ്തികയിൽ ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്. ടി നിയമനം സർക്കാരിൽ നിന്നും ലഭിക്കുന്ന സ്പഷ്ടീകരണത്തിന് വിധേയമായി നിയമനാധികാരി പുനഃപരിശോധിക്കുന്നതായിരിക്കും. ടി തസ്തികയിൽ നിർദ്ദിഷ്ട തീയതിക്കുള്ളിൽ റിലിൻക്വിഷ് ചെയ്യാനുള്ള അവകാശവും ഉദ്യോഗസ്ഥർക്ക് ഉണ്ടായിരിക്കുന്നതാണ്.

തസ്തിക മാറ്റം മുഖേന ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റും നിലവിലെ നിയന്ത്രണാധികാരിയുടെ വിടുതൽ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. ടി ജീവനക്കാരെ നിലവിലെ തസ്തികയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മുമ്പും, പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പും അവർ എസ്.എസ്.എൽ.സി/ തത്തുല്യ പരീക്ഷ പാസായിട്ടുണ്ടോയെന്ന് ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥൻമാർ സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ടി ഉദ്യോഗസ്ഥരെ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിച്ചതുമായ വിവരം അതാത് നിയന്ത്രണഉദ്യോഗസ്ഥന്മാർ യഥാസമയം ഈ ആഫീസിനെ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
വ്യവസായ വാണിജ്യ ഡയറക്ടർ

സ്വീകർത്താവ്: ടി ഉദ്യോഗസ്ഥർ (നിയന്ത്രണാധികാരി മുഖേന)

പകർപ്പ്:
1. ഡയറക്ടർ, കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2. ഡയറക്ടർ, കയർ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം.
3. എല്ലാ ജനറൽ മാനേജർക്കും
4. സൂക്ഷിപ്പ് ഫയൽ /അധിക പകർപ്പ്.

ഉത്തരവിൻ പ്രകാരം,

ജൂനിയർ സൂപ്രണ്ട്